പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 6304

20.11.2019 -ലെ മറുപടിയ്ക്ക്

## അസംഘടിതമേഖലയിലെ തൊഴിൽ നയം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.എസ്.ശബരീനാഥൻ<br>ശ്രീ. വി.പി.സജീന്ദ്രൻ<br>ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.ടി.ജെ. വിനോദ് : | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| എ) തൊഴിലാളികളുടെ പ്രശ്നങ്ങളിൽ ഫലപ്രദമായി ഇടപെടുന്നതിനും, അവ പരിഹരിക്കുന്നതിനും കഴിയുന്ന ഒരു വകുപ്പായി തൊഴിൽ വകുപ്പിനെ മാറ്റിയെടുക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; അറിയിക്കാമോ; | എ) ഉണ്ട്. നിലവിൽ തൊഴിൽ തർക്കങ്ങൾ വളരെ കുറഞ്ഞ തോതിലാണ് റിപ്പോർട്ട് ചെയ്യുന്നത്. തൊഴിൽ മേഖലയിൽ തർക്കങ്ങൾ ഉണ്ടാകുമ്പോൾ തൊഴിൽ വകുപ്പിലെ അനുരഞ്ജന ഉദ്യോഗസ്ഥർ യഥാസമയം തർക്കങ്ങളിൽ ഇടപെട്ട് പരാതിയ്ക്ക് രമ്യമായ പരിഹാരം കാണാറുണ്ട്. |
| ബി) സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച തൊഴിൽ നയം മൗലികമായ തൊഴിൽ പ്രശ്നങ്ങളിൽ നിസ്സംഗത പാലിക്കുന്നതും, അസംഘടിത മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാൻ വ്യക്തമായ നിർദ്ദേശങ്ങൾ ഒന്നും ഇല്ലാത്തതുമാണെന്ന വിമർശനം വസ്തുതാപരമാണോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വിശദമാക്കാമോ; | ബി) ടി വിമർശനം വസ്തുതാപരമല്ല. അസംഘടിത മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ന്യായമായ വേതനവും മെച്ചപ്പെട്ട തൊഴിൽ അന്തരീക്ഷവും ഉറപ്പ് വരുത്തുന്നതിന് തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം പരിശോധനകൾ നടത്തി നിയമലംഘനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിച്ച് വരുന്നു. |

| | |
|---|---|
| സി) അനൗപചാരിക തൊഴിൽ മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ പ്രതിദിനമുള്ള കുറഞ്ഞ കൂലി അറുന്നൂറ് രൂപയായി ഉയർത്തുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കാമോ; | സി) വിവിധ മേഖലകളിലെ തൊഴിൽ സാഹചര്യവും വേതന വ്യവസ്ഥയും പരിശോധിച്ച് തൊഴിലാളികളുടെ ഏറ്റവും കുറഞ്ഞ വേതനം 600 രൂപയാക്കി നിശ്ചയിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമെന്നാണ് തൊഴിൽ നയപ്രകാരം പ്രഖ്യാപിച്ചിട്ടുള്ളത്. |
| ഡി) എല്ലാ പരമ്പരാഗത വ്യവസായങ്ങളിലും ഇൻകം സപ്പോർട്ട് സ്കീം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | ഡി) 2010-11 സാമ്പത്തികവർഷം മുതൽ പരമ്പരാഗത മേഖലയിലെ തൊഴിലാളികൾക്ക് വരുമാന താങ്ങൽ പദ്ധതി (ഇൻകം സപ്പോർട്ട് സ്കീം) നടപ്പാക്കിവരുന്നു. പരമ്പരാഗത മേഖലയിലെ തൊഴിലാളികൾക്കുള്ള സാമ്പത്തിക താങ്ങൽ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ പരമ്പരാഗത തൊഴിൽ മേഖലയായ കയർ, ഫിഷറീസ്, കൈത്തറി, ഖാദി, ഈറ്റ, പനമ്പ്, ബീഡി & സിഗാർ, കശുവണ്ടി എന്നീ മേഖലയിലെ തൊഴിലാളികൾക്ക് വർഷത്തിൽ 60 ദിവസമെങ്കിലും നിശ്ചയിക്കപ്പെട്ട മിനിമം കൂലി വരുമാനമായി ലഭിക്കത്തക്കവിധത്തിൽ യഥാർത്ഥത്തിൽ ലഭിക്കുന്ന വരുമാനവുമായുള്ള അന്തരം കണക്കാക്കി കുറഞ്ഞത് 1250 രൂപ ഒരു തൊഴിലാളിക്ക് സാമ്പത്തിക സഹായമായി അനുവദിച്ച് വരുന്നു. 01/10/2010 മുതൽ പദ്ധതി നടപ്പിലാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എല്ലാ പരമ്പരാഗത വ്യവസായ മേഖലകളിലും പദ്ധതി നടപ്പിലാക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**